ശ്രീ. സി. വി. ഇയ്യു: എസ്. പി. ഡബ്ളിയു. ആർ. ഫണ്ടിൽനിന്നു് എംപ്ലോയിമെൻറ് എക്സ്ചേഞ്ചിലേക്കു് കൊലവാക്കുവാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നോട്ടീസുവേണം.

ശ്രീ. സി. വി. ഇയ്യു: ആലപ്പുഴെ എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് ആഫീസു് സ്ഥാപിക്കുമ്പോൾ, ഇപ്പോൾ എറണാകുളത്തുള്ള ആഫീസു് തിരുവനന്തപുരത്തേക്കു് മാറ്റി സ്ഥാപിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതു് അപ്പോൾ ആലോചിക്കാം.

INDUSTRIAL COMPANIES

*59. [8] **Sri. Paul Thaliat:** Will the hon. Minister for Industries be pleased to state.—

(*a*) whether the Government have received a report from Sri. Kasturbhai Lalbhai regarding the working of the State-aided and State owned industrial companies in the State;

(*b*) if so, the main recommendations in the report regarding the future working of such companies;

(*c*) whether such recommendations have all been accepted by the Government;

(*d*) if not the recommendations not accepted; and

(*e*) the reasons for not accepting them?

Minister for Industries, and Labour **(Sri. P. K. Krishnankutty Menon):**

(*a*) Yes;

(*b*) The main recommendations in the report are given in the Press Note dated 21st June 1951;

(*c*) Government have constituted a Committee consisting of the Finance Secretary to Government, the Development Secretary to Government and the Commissioner of Civil Supplies for the administrative control of Government-owned concerns. The other recommendations of Sri. Kasturbhai are under the consideration of Government.

(*d*) & (*e*) These questions do not arise in view of answer to (*c*).

ശ്രീ. പോൾ തളിയത്തു്: ഈ റക്കമെൻറേഷൻസു് ഗവൺമെൻറിൻെറ കൈവശം കിട്ടിയിട്ടു് എത്ര കാലമായി?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അധികം കാലമായിട്ടില്ല. കഴിഞ്ഞ ഏപ്രിൽ മാസത്തിലാണു്.

ശ്രീ. പോൾ തളിയത്തു്: അതിനുശേഷം അതിന്മേൽ എന്തു് നടപടി നടത്തിയെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്. എല്ലാ ഗ്രൂപാർശകളും ആലോചിച്ചു തിരുമാനിച്ചു ശേഷം അടുത്ത ഭാവിയിൽത്തന്നെ നടപ്പിൽ വരുത്തണമെന്നാണു് ഗവൺമെൻറിൻെറ വിചാരം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഏതെല്ലാം വിദേശ കമ്പനികൾക്കു് ധനസഹായം ചെയ്യുന്നുണ്ടു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഒരു വിദേശ കമ്പനിക്കും ധനസഹായം നല്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഞലുവാ അലൂമിനിയം കമ്പനിയിൽ ഗവണ്മെൻറിനു എത്ര ഷെയർ ഉണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനു് നോട്ടീസുവേണം

FOREST INDUSTRIES, TRAVANCORE LTD.

*60. [9] **Sri. Paul Thaliat:** Will the hon. Minister for Industries be pleased to state.—

(*a*) whether any action has been taken on the report of the Government Auditor, who reported mismanagement and misappropriation in respect of the accounts of the Forest Industries Travancore Ltd.;

(*b*) if the answer to (a) is in the affirmative the nature of the action taken on the same; and

(*c*) if the answer to (a) is in the negative, the reason for not taking any action?

Minis'er for Industries and Labour **(Sri. P. K. Krishnankutty Menon):** (*a*) to (*c*): The report is under consideration by Government.

ശ്രീ. പോൾ തളിയത്തു്: കഴിഞ്ഞ അസംബ്ലിയിലും, ഇതു് കൺസിഡറേഷനിലിരിക്കുകയാണെന്നു് പറഞ്ഞു എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനുശേഷം സമാധാനം ചോദിക്കുകയും, സമാധാനം ഗവണ്മെൻറിനു കിട്ടുകയും ചെയ്തു. നടപടി നടത്തിക്കഴിഞ്ഞില്ലാ എന്നേയുള്ളൂ.

ശ്രീ. പോൾ തളിയത്തു്: ഉടനടെ സമാധാനമാണു് ആവശ്യപ്പെട്ടതു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: മാനേജ്മെൻറിനോടാണു്.

Sri. D. Gnanasigamoni: May I know whether the report was published?

Sri. P. K. Krishnankutty Menon: No.

Sri. D. Gnanasigamoni: My point is whether a copy of the Auditor's report was sent to the hon. Member who has put the quesiton?

Sri. P. K. Krishnankutty Menon: No.

Sri. D. Gnanasigamoni: In view of the fact that the report has not been published may I know how the hon. Member came into possession of the report referred to?

Mr. Chairman: That is not relevant to the point.

ശ്രീ. എ. കെ. പാച്ചുപിള്ള: അപഹരണം സമ്മതിച്ചുകൊണ്ടാണോ സമാധാനം തന്നിരിക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഓഡിറ്റ് റിപ്പോർട്ട് കിട്ടിയതിനുശേഷം അതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പോൾ തളിയത്തു്: എത്രകാലത്തിനു മുമ്പാണു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനു നോട്ടീസുവേണം.

VAKALATHS FILED BY MEMBERS

*61. [10] **Sri. Paul Thaliat:** Will the hon. Chief Minister be pleased to state.—

(*a*) whether any of the members of the Legislature have filed Vakalaths before any of the hon. Ministers from April 1st to date; and

LIBRARY ARCHIVES Kerala Legislative Assembly